**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**01 September 2017 / 09 Dhul Hijjah 1438 Hijira)**

# THE NIGHT OF EID-UL-ADHA / ഈദുൽ അദ്ഹ രാത്രി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **ഈദുൽ അദ്ഹ രാത്രി** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.

ഈദുൽ അദ്ഹ രാത്രി സൃഷ്ടാവിൽ നിന്ന് പ്രതിഫലം ലഭിക്കുന്ന ഒരു രാത്രിയാണ്. ആയതിനാൽ പ്രസ്തുത രാവിന് വളരെ വലിയ പരിഗ ണന നല്കേണ്ടതാണ്. നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) പറ ഞ്ഞു. രണ്ട് ഈദിന്റെ രാത്രികളിൽ ആരാണോ പ്രാർത്ഥനയിൽ കഴിഞ്ഞു കൂടുന്നത്, വലിയ പ്രയാസ ദിനത്തിൽ, അവന്റെ ഹൃദയം സജീവമായി നിലകൊള്ളുന്നതാണ്. മറ്റുള്ളവരുടേത് മരണാവസ്ഥയിലേക്ക് വഴുതി മാറു ന്നതാണ്. മാത്രമല്ല കാഹളത്തിൽ ഊതിപ്പെടുന്ന ദിനത്തിൽ, അതിന്റെ ഭയാനക ശബ്ദത്തിൽ അവൻ അബോധവസ്ഥയിൽ ആപതിക്കുന്നതുമല്ല

ഒരു പ്രവാചക വചനത്തിൽ, താഴെ പറയുന്ന രാത്രികളിൽ പ്രാർത്ഥ നയിൽ കഴിഞ്ഞു കൂടുന്നവൻ, തീർച്ചയായും സ്വർഗ്ഗത്തിൽ പ്രവേശിക്കു ന്നതാണ് എന്ന് പറയപ്പെട്ടിരിക്കുന്നു.

1. ഖദ്ർ രാത്രിയിൽ (റമദാനിലെ അവസാനത്തെ പത്തു രാത്രികളിൽ ഒറ്റ രാവുകളിൽ ഒന്നിൽ)
2. ഈദുൽ ഫിത്ർ രാത്രി (ശവ്വാൽ ദിനത്തിലെ പ്രഥമ രാത്രിയിൽ)

3. തർവിയാ രാത്രി (ദുൽഹജ്ജ് മാസം 8-ാം രാവ്)

4. അറഫാത്ത് രാത്രി (ദുൽഹജ്ജ് മാസം 9-ാം രാവ്)

5. നഹ്ർ രാത്രി (ദുൽഹജ്ജ് മാസം 10-ാം രാവ്)

ഇന്ന്, മുസ്ലിംകൾ രാത്രികളിൽ ഉറങ്ങാതെ കഴിയുന്നത് ഇഹലോക കാര്യങ്ങൾക്കായിട്ടാണ്. എന്നാൽ മതത്തിന് വേണ്ടി അപ്രകാരം ചെയ്യുന്നില്ല. മതത്തിന് വേണ്ടി, ഇസ്ലാമിന് വേണ്ടി ഒരു രാത്രി അവർ ചെലവഴിച്ചിരുന്നുവെങ്കിൽ അവർക്ക് എത്ര നന്നായിരുന്നു ? ഈ രാത്രി ദൈവീക പ്രതിഫല രാത്രിയാണ്. ആയതിനാൽ നാം ഇതിൽ നിന്നും പ്രയോജനം നേടേണ്ടതാണ്. ഈ രാവിൽ നമുക്ക് ആവശ്യമുള്ളതെല്ലാം നാം അല്ലാഹുവിനോട് ചോദിക്കേണ്ടതാണ് ; അത് നമ്മുടെ ഭൗതിക ആവശ്യങ്ങളാകാം, നമ്മുടെ ആത്മീയ ആവശ്യങ്ങളാകാം എന്നാൽ ആത്മീയ കാര്യങ്ങളാണ് വളരെ വലിയ പ്രാധാന്യമർഹിക്കുന്നത്.

ഈദുൽ അദ്ഹ മുസ്ലിംകളുടെ വലിയ പെരുന്നാൾ തന്നെയാണ്. ഹസ്രത് ഇബ്രാഹിം (അ) ന്റെ ചര്യയെ അനുസ്മരിക്കുന്ന ദിനമാണത്. അദ്ദേഹം സമ്പൂർണ്ണമായും സൃഷ്ടാവിന് കീഴടങ്ങിയ വ്യക്തിയാണ്. തന്റെ പ്രിയമകൻ ഇസ്സ്മായിൽ (അ) നെ ബലി അർപ്പിക്കുവാൻ തയ്യാറാവുകയുണ്ടായി. ഭൗതിക പരിഗണനകൾക്കുപരിയായി ആത്മീയ പരിഗണനയ്ക്ക് അദ്ദേഹം മുൻഗണന നല്കുകയുണ്ടായി. ഇബ്റാഹീം (അ) നെ സംബന്ധിച്ച് വിശുദ്ധഖുർആനിലും നബികരീം (സ) യുടെ വചനങ്ങളിലും വിവരിച്ചിട്ടുണ്ട്. ഈ ദിനം സന്തോഷകരമായ ഒരാഘോഷ ദിനം മാത്രമല്ല, സൃഷ്ടാവിനോടുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങളെ ഓർമ്മപ്പെടുത്തുന്ന ദിനം കൂടിയാണ്; തങ്ങളുടെ സഹോദരീ സഹോദരന്മാരോടുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിക്കുന്നു ; അവരെ പോലുള്ള മനുഷ്യ സഹോദരങ്ങളോടുള്ള ഉത്തരവാദിത്വവും ഓർമ്മപ്പെടുത്തുന്നു.

കൃത്യാന്തര ബാഹുല്യങ്ങളായ ഈ ലോക ജീവിതത്തിലെ കെട്ടു പാടുകൾക്കിടയിൽപ്പെട്ട, നമ്മിൽ അനേകർക്കും, ഈദുൽ അദ്ഹായുടെ പ്രാധാന്യം നഷ്ടപ്പെട്ടുപോയിരിക്കുന്നു. പ്രതീകാത്മക രീതിയിൽ നടത്തപ്പെടുന്ന ഈദുൽഅദ്ഹ നിത്യജീവിതത്തിൽ അവ പ്രാവർത്തികമാക്കേണ്ടതാണെന്ന വസ്തുതയും മറന്നിരിക്കുന്നു. മുൻ കഴിഞ്ഞ നൂറ്റാണ്ടുകളെ അപേക്ഷിച്ച് ഈ നൂറ്റാണ്ടിൽ ഇതിന് വളരെ വലിയ പ്രാധാന്യമുണ്ട്. കാരണം മാനവിക കാര്യങ്ങൾ വളരെയധികം സങ്കീർണ്ണങ്ങളായിതീർന്ന ഒരു കാലമാണിത്. തുല്യതയും സാമൂഹ്യനീതിയും മുമ്പത്തേക്കാളുപരി അടിച്ചേല്പിക്കപ്പെടേണ്ടതുണ്ട്. യാതന അനുഭവിക്കുന്നവർക്കായി, തങ്ങളുടെ പ്രത്യേക അവകാശങ്ങൾ, ത്യജിക്കുവാൻ തയ്യാറാവേണ്ടതുണ്ട്. നാം വിശ്വസിക്കുന്ന പ്രസ്ഥാനത്തിനു വേണ്ടി എല്ലാവിധ ത്യാഗങ്ങൾക്കും അവർ തയ്യാറാകേണ്ടിയിരിക്കുന്നു. വിലപ്പെട്ടതായി നാം കരുതുന്ന ആശയങ്ങൾക്കായി അവർ നിലകൊള്ളേണ്ടതാണ്.

ഈ സന്ദർഭത്തിൽ നാം അനുഷ്ഠിക്കുന്ന ആചാരപരമായ ത്യാഗങ്ങൾക്ക്, അതിന്റേതായ അർത്ഥതലങ്ങൾ നല്കേണ്ടതുണ്ട്. നാം കൊണ്ടാടുന്ന ഇത്തരം ആഘോഷങ്ങൾ എല്ലാ മുസ്ലിംകളുടെയും അടിസ്ഥാന ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ടുള്ളതായിരിക്കണം.

മുസ്ലിം വ്യക്തിപരമായും, അനേകം ഇസ്ലാമിക സംഘങ്ങളായും പരസ്പരം കീറിമുറിക്കുകയാണ്. ഐക്യത ഇല്ലായ്മ മൂലം അവർ ക്ഷയിച്ചിരിക്കുന്നു. ബലഹീനരായിരിക്കുന്നു. അവർ പരസ്പരം വഴക്കിലും വക്കാണത്തിലുമാണ്. ഈദുൽ അദ്ഹ നമുക്കൊരു പാഠം നല്കുന്നു. നമ്മുടെ ഈമാനെ വീണ്ടും കണ്ടെത്തുവാനാണ് അത് നമ്മെ പ്രേരിപ്പിക്കുന്നത്. ഉമ്മത്തിനുവേണ്ടി ത്യാഗം ചെയ്യുവാൻ നമ്മെ അത് സ്വയം പ്രാപ്തമാക്കുകയാണ് ചെയ്യുന്നത് ! ഇതു നമുക്ക് ചെയ്യുവാൻ സാധിക്കുകയാണെങ്കിൽ, ഹസ്രത് ഇബ്രാഹീം (അ) നും ഇസ്മായീൽ (അ) നും പ്രതിഫലം

നല്കപ്പെട്ടതുപോലെ നമുക്കും പ്രതിഫലം നല്കപ്പെടുന്നതാണ്. കാരണം അവർ അവരുടെ കടമ നിറവേറ്റുന്നതിൽ ഉറച്ചു നിന്നവരാണ്. ഒരു മനുഷ്യൻ ഭുമുഖത്ത് സമർപ്പിക്കാവുന്ന ഏറ്റവും വലിയ സമർപ്പണം ഏറ്റവും വലിയ അഗ്നിപരീക്ഷ ; അവർ ഇരുവരും അതിൽ വിജയശ്രീലാളിതരായി. നമ്മുടെ സമുദായത്തിൽ ത്യാഗത്തിന്റെ സത്ത ഹൃദയത്തിൽ തുളച്ചുകയറുവാൻ അല്ലാഹു (ത) അവന്റെ കരുണാസാഗരം കൊണ്ട് നമ്മെ സഹായിക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ. ഞാൻ എന്റെ അനുയായികൾക്കും മുസ്ലിംകൾക്കും ഈദുബാറക്ക് ആശംസിക്കട്ടെ ! ഈ രാവ് നിങ്ങൾ പ്രാർത്ഥനയിലും ദൈവസ്മരണയിലുമായി കഴിച്ചുകൂട്ടുക. ഈദ് ആശംസകൾ നേർന്ന എല്ലാ അനുചരന്മാർക്കും ഞാനെന്റെ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ ലോകത്തിലെ ചില രാജ്യങ്ങളിൽ ഇന്ന് ഈദ് ആഘോഷിക്കുന്നുണ്ട്. ഇൻശാ അല്ലാഹ് നാളെ നാം മൗറിഷ്യസിൽ വീണ്ടും കാണുന്നു. ഏറ്റവും വലിയ ഈദാഘോഷത്തിനായി ! ഈദുൽഅദ്ഹാ ! അവന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുന്ന എല്ലാ ത്യാഗങ്ങളെയും അവൻ സ്വീകരിക്കട്ടെ. അവന്റെ സന്തോഷത്തിനും അവന്റെ സ്നേഹത്തിനുമായി നമുക്ക് ജീവിക്കുവാനും മരിക്കുവാനും സാധിക്കട്ടെ. ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**